LIBRARY ARCHIVES Kerala Legislative Assembly

100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയ ചെറുകിട ജലസേചന പദ്ധതികൾ

78 [262] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽപ്പെടുത്തി സംസ്ഥാനത്ത് എത്ര ചെറുകിട ജലസേചന പദ്ധതികളാണ് പൂർത്തീകരണത്തിന് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഇത് പ്രകാരം മുഴുവൻ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇനി ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാവും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇരുപത്.

(ബി) 100 ദിവസത്തെ കർമ്മ പരിപാടിയിൽ ചേർത്തിരുന്ന എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) ഉദിക്കുന്നില്ല.

വർഷ പദ്ധതി

79 [263] ശ്രീ. ഇ. എം. അഗസ്തി:

,, പി. ജെ. ജോയി:

,, എം. എ. ചന്ദ്രശേഖരൻ:

,, പ്രൊഫ. ഗോപാലകൃഷ്ണൻ:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വർഷ പദ്ധതി' പ്രകാരം എത്ര യൂണിറ്റുകൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) ഇതിൽ എത്ര യൂണിറ്റുകൾ പൂർത്തിയാക്കി;

(സി) ഇവയ്ക്ക് എന്തു തുക ചെലവായി;

(ഡി) ഈ പദ്ധതി പ്രകാരം പുതിയ യൂണിറ്റുകൾ ഏറ്റെടുക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 'വർഷ പദ്ധതി' പ്രകാരം രണ്ടു ഘട്ടങ്ങളിലായി 1058 യൂണിറ്റുകൾക്ക് അംഗീകാരം ലഭിച്ചു. ഇവ ഈ വർഷം തന്നെ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 1009 യൂണിറ്റുകൾ.

(സി) 456.72 ലക്ഷം രൂപ.

(ഡി) അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.

'ജലനിധി' പദ്ധതി

80 [264] ശ്രീ. പി. എസ്. സുപാൽ:

" എൻ. രാജൻ:

" എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ജലനിധി' പദ്ധതി ആരംഭിച്ചതെന്നാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾക്ക് ഇതുവരെ ലോക ബാങ്കിൽനിന്നും എന്തുതുക സഹായമായി ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ചെറുകിട പദ്ധതികൾ പൂർത്തിയാക്കിയെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി വൻകിട പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2000-2001-ലാണ് സംസ്ഥാനത്ത് ജലനിധി പദ്ധതി ആരംഭിച്ചത്. പ്രസ്തുത പദ്ധതികൾക്ക് ഇതുവരെ 91.20 കോടി രൂപ ലോകബാങ്കിൽ നിന്നും കേന്ദ്ര ഗവൺമെന്റ് വഴി ലഭിച്ചിട്ടുണ്ട്.

(ബി) 917 ചെറുകിട പദ്ധതികൾ.

(സി ആന്റ് ഡി) ജലനിധി പദ്ധതിയിൽപ്പെടുത്തി നാല് വൻകിട പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ ആലിപ്പറമ്പ് പഞ്ചായത്തിൽ 168.76 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന കൊടകപ്പറമ്പ പദ്ധതിയും 224.62 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന വെസ്റ്റ് മണലായ പദ്ധതിയും പോത്തുകൽ

LIBRARY ARCHIVES Kerala Legislative Assembly